(സി) പമ്പ-അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്നതിനെക്കുറിച്ച് വിലയിരുത്തുന്നതിനായി ഡൽഹിയിലെ ഐ.ഐ.ടി., കോഴിക്കോടുള്ള സി.ഡബ്ല്യു.ആർ.ഡി.എം. (CWRDM) എന്നീ വിദഗ്ധ ഏജൻസികളെക്കൊണ്ട് പഠനം നടത്തുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടുകൾ പ്രകാരം പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ അധികജലം ഇല്ലായെന്നുള്ള കേരളത്തിന്റെ വാദം ശരിയാണെന്നും, പമ്പ - അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തിന് ഒട്ടും പ്രയോജനപ്രദമല്ലെന്നും പ്രസ്തുത പദ്ധതി നടപ്പിലായാൽ സംസ്ഥാനത്ത് ഗുരുതരമായ പരിസ്ഥിതി പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് നദീസംയോജന പദ്ധതി കേരളത്തിന് ഗുണകരമല്ലായെന്നുള്ള നിലപാടിൽ ഉറച്ച് നിന്നുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.

കടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി

12 (*372) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിയേറ്റ തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ കടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ സംബന്ധിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന കടിയേറ്റ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) കടിയേറ്റ തൊഴിലാളികൾ ബഹുഭൂരിപക്ഷവും പദ്ധതിയിൽ അംഗത്വമെടുത്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കി പ്രചാരണം നൽകി, എല്ലാ തൊഴിലാളികളെയും പദ്ധതിയിൻ കീഴിൽ കൊണ്ടുവന്ന് അവരെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ&ബി) ഉണ്ട്. 2010 മാർച്ചിലാണ് കേരള കുടിയേറ്റ തൊഴിലാളി പദ്ധതി രൂപീകരിച്ചത്. ആയതിന്റെ നടത്തിപ്പിലേയ്ക്കായി സർക്കാർ 10 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2013-ൽ ഗ്രാമീണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് & ടാക്സേഷൻ നടത്തിയ പഠനത്തിൽ 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വന്നുപോകുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ തൊഴിലാളികളെല്ലാം പ്രസ്തുത പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ല. കുടിയേറ്റ തൊഴിലാളി, ക്ഷേമപദ്ധതി 2010-ൽ നിലവിൽ വന്നതിനെ തുടർന്ന് പദ്ധതി പ്രകാരം രജിസ്ട്രേഷനും അംഗങ്ങൾക്ക് വിവിധ ആനുകൂല്യം നൽകുന്നതിനെ സംബന്ധിച്ചും അന്യസംസ്ഥാന തൊഴിലാളികൾ ക്കാവശ്യമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു വരുന്നുണ്ടെങ്കിലും പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം വളരെ കുറവായാണ് കാണുന്നത്. 2015 മേയ് 31 വരെ 49674 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. ടി പദ്ധതി സ്വയമേവ പദ്ധതിയാണ്. അതിനാൽ അംഗത്വം നിർബന്ധമാക്കിയിട്ടില്ല. ടി തൊഴിലാളികൾ ഒരു സ്ഥലത്തുനിന്ന് അടിക്കടി തൊഴിലിടം മാറുന്നതും തൊഴിലുടമ/കോൺട്രാക്ടർ പദ്ധതിയിൽ അംഗങ്ങളെ ചേർക്കാനുള്ള നിസ്സഹരണം കാണിക്കുന്നതും തൊഴിലാളികളുടെ താൽപ്പര്യക്കുറവും ഇതിന് കാരണമായി കണക്കാക്കാവുന്നതാണ്.

(ഡി) സ്വീകരിക്കുന്നതാണ്.

കാൻസർ രോഗചികിത്സാ വിപുലീകരണം

13 (*373) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധ നേരിടാൻ മെഡിക്കൽ കോളേജുകളിൽ മിനി റീജണൽ കാൻസർ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly